# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 824 | 28/02/2018 - ൽ മറുപടിക്ക്

## റാന്നിയിൽ ഇ.എസ്.ഐ. ആശുപത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ഇ.എസ്.ഐ. കോർപ്പറേഷന് കീഴിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിക്കുന്നത്; | (എ) | ഇ.എസ്.ഐ കോർപ്പറേഷന് കീഴിൽ സംസ്ഥാനത്ത് 3 ആശുപത്രികൾ, ആശ്രാമം (കൊല്ലം), എഴുകോൺ (കൊല്ലം), ഉദ്യോഗമണ്ഡൽ (എറണാകുളം) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കോർപ്പറേഷനു കീഴിൽ ഡിസ്പെൻസറികളൊന്നും പ്രവർത്തിക്കുന്നില്ല. |
| (ബി) | തോട്ടം തൊഴിലാളി മേഖലയായിട്ടും റാന്നിയുടെ കിഴക്കൻ മേഖലകളിലെ തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും വിധം ഇ.എസ്.ഐ. ആശുപത്രികളോ ഡിസ്പെൻസറികളോ ഈ പ്രദേശത്ത് ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ പദ്ധതിയിൽ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല.<br><br>റാന്നിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിനും അതിനായി 9 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കെട്ടിടം സജ്ജീകരിച്ചു നൽകുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ കോർപ്പറേഷനാണ്. |
| (സി) | കിടത്തി ചികിത്സ ലഭ്യമാക്കാൻ കഴിയും വിധം ഒരു ഇ.എസ്.ഐ. ആശുപത്രി റാന്നിയുടെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ